# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/157/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.11/157/2022 തീയ്യതി: 11/03/2022

## കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 07-02-2022 | 14-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 14-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. വിനീത് കുമാർ. കെ.പി., ഓഡിറ്റ് ഓഫീസർ
2. രഘുനാഥൻ. കെ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. തോമസ്.കെ.വി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. കുഞ്ഞികൃഷ്ണൻ. കെ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5. ഹരിവേണുഗോപാലൻ. കെ.വി., ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രസീത രാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മുരുഗേഷ്. കെ.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| വിനോദ് കുമാർ. എം.പി. | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുരുഗേഷ്.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 28-07-2019 |
| വി.പി.മോഹനൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 29-07-2019 | 31-03-2020 |
| മോഹനൻ.പി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രാജീവൻ.വി.വി | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷിജിൻ ജോൺ ആലൂർ | മെഡിക്കൽഓഫീസർ-PHC | 01-04-2019 | 28-04-2019 |
| ഡോ. ദീപാമാധവൻ | മെഡിക്കൽഓഫീസർ-PHC | 29-04-2019 | 16-06-2019 |
| ഡോ. ശ്രുതി ടി രാജ് | മെഡിക്കൽഓഫീസർ-PHC | 17-06-2019 | 20-09-2019 |
| ഡോ. റിയോമാത്യു | മെഡിക്കൽഓഫീസർ-PHC | 21-09-2019 | 31-03-2020 |
| ഡോ.ശോഭ | മെഡിക്കൽഫീസർ-GHD | 01-04-2019 | 31-03-2020 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2019 | 25-08-2019 |
| ഡോ.ലീന.ബി | മെഡിക്കൽഓഫീസർ-ആയുർവേദം | 26-08-2019 | 09-02-2020 |
| ഡോ.ദിവ്യ.സി.വി | മെഡിക്കൽഓഫീസർ-ആയുർവേദം | 10-02-2019 | 31-03-2020 |
| ഡോ.ജിബിൻ ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| സെബാസ്റ്റ്യൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 14-11-2019 |
| മിനിജോസഫ് | ഹെഡ്മാസ്റ്റർ | 15-11-2019 | 31-03-2020 |
| റീനാകുമാരി.പി | ICDS സൂപ്പർവൈസർ | 01-04-2019 | 15-12-2019 |
| ദിവ്യ.ടി.കെ | ICDS സൂപ്പർവൈസർ | 16-12-2019 | 31-03-2020 |
| അനീഷ്.ടി.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഭീമനടി) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| അനീഷ്.ടി.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നർക്കിലക്കാട് സർക്കിൾ-ഇൻ-ചാർജ്) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 13-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 14-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 14-02-2022) | 1-2 |
| 3 | വിവാഹധനസഹായം വരവ്-ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Thomas. K (Asst. Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-2-1 |
| 4 | ബാധ്യതാ തുകകൾ -തുടർ നടപടികൾ സംബന്ധിച്ച്<br>Written By: Thomas. K (Asst. Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-2-2 |
| 5 | മറ്റ് അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-3 |
| 7 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-02-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 13-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 28-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-02-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 11-02-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 12-02-2022)<br>Last Updated By: Hari Venugopalan K V (Auditor, On 12-02-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 13-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-9 |
| 13 | രസീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.<br>Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-10 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: Hari Venugopalan K V (Auditor, On 14-02-2022) | 1-11 |
| 15 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ അപാകത<br>Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 1-12 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 1-13 |

| | | |
|---|---|---|
| | Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | |
| 17 | ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് കടമുറി-വാടക ഈടാക്കാത്തത്<br>Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-03-2022) | 1-14 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Hari Venugopalan K V (Auditor, On 14-02-2022)<br>Last Updated By: Hari Venugopalan K V (Auditor, On 19-02-2022) | 1-15 |
| 19 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-16 |
| 20 | ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച്.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-17 |
| 21 | ഡീസൽ ചാർജ്ജ് അനുവദിക്കുന്നത്-ലോഗ് ബുക്ക് പരിശോധന നടത്തുന്നില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-18 |
| 22 | മുൻകൂർ യാത്രാബത്ത അനുവദിച്ചത് - ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-19 |
| 23 | സേവനപുസ്തകം പരിശോധന – അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-20 |
| 24 | തെരുവ് വിളക്ക് -LED ബൾബ് യൂണിറ്റ് വാങ്ങൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-21 |
| 25 | പറമ്പ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-22 |
| 26 | വിവിധ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണിച്ചർ പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-23 |
| 27 | ഗ്രാമ പഞ്ചായത്തിന് സമീപം അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കിയത് -ലേലം ചെയ്യിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-24 |
| 28 | മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി തുക നൽകിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-25 |
| 29 | ഓഫീസ് ആവശ്യത്തിന് സ്റ്റേഷനറി വാങ്ങുന്നതിന് തുക ചെലവഴിച്ചത്<br>Written By: Raghunadhan. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-26 |
| 30 | ജി.എസ്.ടി. കോമ്പൻസേഷൻ- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Vineeth Kumar K.P (Audit Officer, On 13-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-02-2022) | 1-27 |
| 31 | മേൽക്കൂര മാറ്റൽ പദ്ധതി -മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Thomas. K (Asst. Audit Officer, On 15-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 10-03-2022) | 1-28 |
| 32 | ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ലഭ്യമാക്കാൻ നടപടി | 1-29 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ്<br>Written By: Vineeth Kumar K.P (Audit Officer, On 15-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 10-03-2022) | |
| 33 | മുഴുവൻ ചെലവ് വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 10-03-2022) | 1-30 |
| 34 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യതായി കാണുന്നില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-31 |
| 35 | പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-32 |
| 36 | മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 10-03-2022) | 1-33 |
| 37 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 08-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 08-02-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 28-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 08-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 11-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 11-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| വർഷം | 2019-20 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 2/2019, തീയ്യതി.29-01-2019 | 19/1, തീയ്യതി. 15-02-2020 |
| മുന്നിരിപ്പ് | 6220514 | 16594645 |
| വരവ് | 190214124 | 106065237 |
| ആകെ | 196434638 | 122659882 |
| ചെലവ് | 5424197 | 99228924 |
| നീക്കിയിരിപ്പ് | 191010441 | 23430958 |

### 1-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വിവാഹധനസഹായം വരവ്-ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം ഇനത്തിൽ ട്രഷറി ബിൽ ബുക്ക് പ്രകാരം 90,000/- രൂപ (ബിൽ.നം.6/23.7.2019) പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവും ചെലവും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-2-2 ബാധ്യതാ തുകകൾ -തുടർ നടപടികൾ സംബന്ധിച്ച്

എ) ബാലൻസ് ഷീറ്റിൽ ബി 9- ഷെഡ്യൂളിലെ ചുവടെ ചേർത്ത ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. ഇവ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെക്കേണ്ട തുകകൾ ആണെങ്കിൽ ആയതിനുള്ള നടപടികളും, മറ്റ് സ്ഥാപനങ്ങളിൽ ഒടുക്കേണ്ട തുകകളാണെങ്കിൽ ആയതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

| ഹെഡ്ഡ് | തുക |
|---|---|
| 350300109 | ₹ 20,047/- |
| 350400501 | ₹25,000/- |
| 350800119 | ₹ 3,73,179/- |

ബി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ തുക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 9,25,000 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) – From Dist Panchayats | 8,85,522 |

| | | |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 24,000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From Dist Panchayats | 53,200 |
| 320700405 | Contributions For Other Specific Purposes (For Capital Expenditure) - From Dist Panchayats) | 4,03,750 |
| 320800199 | Other Grants , Funds & Contributions For Specific Purposes-Capital | 3,69,871 |
| 320200399 | Grants, Funds & Contributions For Specific Purposes- Other Than Devalopment Fund And State Sponsore | 47,217 |
| 320200322 | Grants From Suchithwa Mission | 19,60,279 |

മേൽ പരാമർശിച്ച തുകകൾ, തുടർ വർഷങ്ങളിൽ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. പ്രത്യേക പദ്ധതികൾക്ക് / സംയുക്ത പദ്ധതികൾക്ക് ലഭിച്ച മേൽ പട്ടികകളിൽ ഉൾപ്പെട്ട തുകകളിൽ വിനിയോഗിക്കാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്.

### 1-2-3 മറ്റ് അപാകതകൾ

എ) 2018-19 വർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1.11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

ബി) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) വാടക ഡിമാന്റ് രജിസ്റ്റർ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഡി) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 1,65,94,645 |
| വരവ് | 10,60,65,237 |
| ആകെ | 12,26,59,882 |
| ചെലവ് | 9,92,28,924 |
| നീക്കിയിരിപ്പ് | 2,34,30,958 |

### 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19229000 | 19229000 | 17909379 | 1319621 | 93.13 |
| വികസനഫണ്ട് എസ്.സി.പി. | 0 | 259000 | 259000 | 204208 | 54792 | 78.84 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 10590000 | 10590000 | 8129935 | 2460065 | 76.76 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9640000 | 9640000 | 6452373 | 3187627 | 66.93 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5544000 | 5544000 | 2908743 | 2635257 | 52.46 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14696623 | 14696623 | 3512897 | 11183726 | 23.90 |
| ആകെ | 0 | 59958623 | 59958623 | 39117535 | 20841088 | 65.24 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 1477224(ജനറൽ) , ₹1426471 (ടി.എസ്.പി) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16432155 | 16432155 | 16432155 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 204208 | 204208 | 204208 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6703464 | 6703464 | 6703464 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6452373 | 6452373 | 6452373 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2908743 | 2908743 | 2908743 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3512897 | 3512897 | 3512897 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 16680 | 16680 | 16680 | 0 |
| വിവാഹ ധന സഹായം | 0 | 90000 | 90000 | 90000 | 0 |
| തൊഴിലുറപ്പ് – 100 ദിന ഇൻസെന്റീവ് | 0 | 790000 | 790000 | 790000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 8950271 | 15106902 | 24057173 | 19271287 | 4785886 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 1144580 | 5789327 | 6933907 | 5984907 | 949000 |
| സംയുക്ത പദ്ധതി (ജില്ലാപഞ്ചായത്ത് ) | 810711 | 3942814 | 4753525 | 3411053 | 1342472 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 16188 | 1825745 | 1841933 | 1819718 | 22215 |
| വെസ്റ്റേൺ ഗാട്ട് | 3114 | 124 | 3238 | 0 | 3238 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 105033 | 1568977 | 1674010 | 641489 | 1032521 |
| പൈക്ക | 4000 | 0 | 4000 | 0 | 4000 |
| മറ്റ് കേന്ദ്ര ഗ്രാന്റുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 40751 | 0 | 40751 | 0 | 40751 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 600000 | 0 | 600000 | 600000 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 4614 | 548 | 5162 | 0 | 5162 |
| ശുചിത്വ മിഷൻ | 2335933 | 55287 | 2391280 | 431001 | 1960279 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 16270000 | 16270000 | 16270000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 14308220 | 14308220 | 14308220 | 0 |
| എസ്.ടി. കോർപ്പസ് ഫണ്ട് | 2607667 | 0 | 2607796 | 2237796 | 369871 |

1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,39,45,709/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 4,39,07,247/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,33,96,900/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 205047849 | 122 | 84525035 | 0 | 91 | 57.28% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 14702654 | 16 | 6183270 | 42.05 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5236700 | 4 | 3601401 | 68.77 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 123 | 42164444 | 55 | 13813582 | 32.76 |
| 4 | കൃഷി ഓഫീസർ | 7 | 2796510 | 6 | 2144655 | 76.69 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 120292969 | 11 | 44139649 | 36.69 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4950578 | 6 | 4148806 | 83.8 |
| 7 | വെറ്ററിനറി സർജ്ജൻ | 7 | 5657475 | 6 | 3747425 | 66.24 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 4 | 1190450 | 3 | 1104000 | 92.73 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 8 | 3485802 | 8 | 2466060 | 70.75 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 11 | പ്രധാനാധ്യാപകൻ | 12 | 2236190 | 5 | 842110 | 37.66 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2134077 | 1 | 2134077 | 100 |
| | ആകെ | 213 | 205047849 | 122 | 84525035 | 41.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 16188 | 1825745 | 1841933 | 1819718 | 22215 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 43907247 | 43907247 | 43907247 | 0 |
| ആകെ | 16188 | 45732992 | 45749180 | 45726965 | 22215 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1144 പദ്ധതികളുൾപ്പെടുന്ന 16,90,41,220 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 262 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 145064 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 457 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16680 | 24 |
| കർഷക തൊഴിലാളി പെൻഷൻ | 1861800 | 630 |
| വിധവാ പെൻഷൻ | 3370200 | 990 |
| വാർദ്ധക്യകാല പെൻഷൻ | 6871500 | 2099 |
| വികലാംഗ പെൻഷൻ | 1192000 | 335 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായ മുള്ള വനിതകൾക്കുള്ള പെൻഷൻ | 101400 | 29 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2022 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 32,328/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ്ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഡ്രൈവർ ഗ്രേഡ്-1 | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 (ഒരു ഒഴിവ് ഉൾപ്പെടെ) |
| 8 | പാർട്ട് ടൈം സ്വീപ്പർ | ഒഴിവ് |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 24 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 9/2019ലെ വരവ് – ചെലവ് 14.10.2019 നം, 10/2020 ലെ വരവ് – ചെലവ് 18.11.2019 നം, 11/2019ലെ വരവ്-ചെലവ് 16.12.2019 നം ആണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചത്.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-20 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വരവുകളിൻ മേലുള്ള നിയന്ത്രണം

വാടക സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ സംഗ്രഹം തയ്യാറാക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മറ്റ് വരവിനങ്ങളുടെ ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് . തൻവർഷം 94.45% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, ഇംകുമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

1-10 രസീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഉപയോഗിച്ച ചുവടെ ചേർത്തിട്ടുള്ള രസീത് ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

| ക്രമ നം. | രസീതി ബുക്ക് നം. | റിമാർക്സ് |
|---|---|---|
| 1 | 12319 | മുഴുവൻ പേജുകളും |
| 2 | 22323 | 1 മുതൽ 75 വരെയുള്ള പേജുകൾ |

രസീതികളിൽ ഡബിൾ സൈഡ് കാർബൺ നിർബന്ധമായും ഉപയോഗിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യം ഭരണസമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1585 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം- 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1220 |
| | 2 | 100 ച. മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 162 |
| | 3 | 200 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 16 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 2 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 94 |
| III | | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ്, റിസോർട്ട് | 5 |
| IV | 1 | വ്യവസായം-ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 52 |

| | | | |
|---|---|---|---|
| | 2 | ഇതര വ്യവസായം | 29 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 227 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ അപാകത

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232-(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യത ഉള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾ, പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായുംപഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരളാ പഞ്ചായത്ത് രാജ് ചട്ടം 18, 19 ലെ പട്ടിക lii പ്രകാരവും, വൈദ്യുതി കൊണ്ടല്ലാതെ പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾക്ക് ചട്ടം 20, 21 ലെ പട്ടിക lv പ്രകാരവുമുള്ള ലൈസൻസ് ഫീസും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിതിൽ തുക കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപന ഉടമയുടെ പേര്, സ്ഥാപനം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം. | ഈടാക്കേണ്ട ലൈസൻസ് ഫീസ് | കുറവു വന്ന തുക |
|---|---|---|---|---|---|---|
| 1 | 29/19-20 | അലക്സ് തോമസ്, മാനേജിംഗ് പാർട്ണർ, NJT ഗ്രാനൈറ്റ്സ് ചീർക്കയം-സ്റ്റോൺ ക്രഷർ പ്രവർത്തിപ്പിക്കുന്നതിന് | 530 HP ജന റേറ്റർ, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നു. | 1,300/-,നം 118010105420, തീയ്യതി 27.03.2019 | 5,300/- | 4,000/- |
| 2 | 30/19-20 | അലക്സ് തോമസ്, കരിങ്കൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിന്. | 73 HP ഇലക്ട്രിക് കംപ്രസർ | ഈടാക്കിയിട്ടില്ല. | 1,000/- | 1,000/- |
| | | | 116 HP ഡീസൽ കംപ്രസർ | ഈടാക്കിയിട്ടില്ല. | 580/- | 5,80/- |
| | | | ആകെ | | | 5,580/- |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം. 32/14.02.2022 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് രസീതി നം. 1210103096/G140506 തീയ്യതി 14.02.2022 പ്രകാരം കുറവുവന്ന തുകയായ 5,580/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയതിൽ തുക കുറവു വന്നതായി ശ്രദ്ധയിൽ പെടുകയുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ട കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | കെ എ സരസ്വതി, ബി.പി.എം, കോട്ടമല | പോസ്റ്റ് ഓഫീസ്, വെസ്റ്റ് എളേരി | 2019-20 ഒന്നാം അർദ്ധ വർഷം | 1,00,412/- | 750/- | 1,000/- | 250/- |
| 2 | ആതിര കെ എസ്, എ.ബി.പി.എം, പറമ്പ | പോസ്റ്റ് ഓഫീസ്, വെസ്റ്റ് എളേരി | 2019-20 രണ്ടാം അർദ്ധ വർഷം | 80,497/- | 600/- | 750/- | 150/- |
| ആകെ | | | | | | | 400/- |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം. 21/11.02.2022 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് രസീതി നം. 1210103093/G140506 തീയ്യതി 14.02.2022 പ്രകാരം കുറവുവന്ന തുകയായ 400/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

2) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കുന്നുംകൈ പെട്രോളിയം, ഐ ഒ സി ഡീലർ, കുന്നുംകൈ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിൽ ഏർപ്പെട്ട ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽ വിലാസവും | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ലാൻസി എൻ കുര്യൻ, നാട്ടക്കൽ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | പ്രിൻസ് കെ വി, കരിമ്പനക്കൽ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 3 | സിനോജ് എം ജോർജ്ജ്, ഭീമനടി, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | എം ജെ കുര്യൻ, മാളിയേക്കൽ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | മുകേഷ് വർക്കി, കരിമ്പനക്കൽ, പി.ഡബ്ല്യ.ഡി കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 21/11.02.2022)

1-14 ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് കടമുറി-വാടക ഈടാക്കാത്തത്

കെട്ടിട മുറികളുടെ വാടക രജിസ്റ്റർ പ്രകാരം ഭീമനടി ബസ് സ്റ്റാന്റിൽ സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോപ്ലക്സിലെ ചില കട മുറികളിൽ നിന്നും പ്രതിമാസ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടക ക്കാരന്റെ പേര് | പ്രതി മാസ വാടക | ഈടാക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | III- 441 | ബഷീർ പി.കെ, പറമ്പത്ത് | 11,600/- | 2019 ഡിസംബർ -11,600/- | ബസ് സ്റ്റാന്റ് പണി നടന്നതിനാൽ ഫെബ്രുവരി, മാർച്ച് മാസ വാടകയിൽ 50% ഇളവ് നൽകിയിരുന്നു. |
| | | | | 2020 ജനുവരി -11,600/- | |
| | | | | 2020 ഫെബ്രുവരി -5,800/- | |
| | | | | 2020 മാർച്ച് -5,800/- | |
| | | | | ആകെ 34,800/- | |
| 2 | III-443 | ജോസഫ് ജോർജ്ജ്, ഭീമനടി | 10,600/- | 2020 ജനുവരി -10,600/- | ” |
| | | | | 2020 ഫെബ്രുവരി -5,300/- | |
| | | | | 2020 മാർച്ച് -5,300/- | |
| | | | | ആകെ 21,200/- | |
| 3 | III-438 | ബനീഷ് ജോസഫ്, ചിറ്റാരിക്കൽ | 27,000/- | 2020 ഫെബ്രുവരി -13,500/- | ” |
| | | | | 2020 മാർച്ച് -13,500/- | |
| | | | | ആകെ 27,000/- | |
| 4 | III-446 | ബനീഷ് | 8,000/- | 2020 മാർച്ച് -4000/- | ” |

| | | | | |
|---|---|---|---|---|
| | | ജോസഫ്, ചിറ്റാരിക്കൽ | | |

വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക മേൽ പരാമർശിച്ച വാടകക്കാരിൽ നിന്നും ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 27/ 11.02.2022)

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ എസ്.ആർ.ഒ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതും ഈ നിരക്കുകൾ 2011 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ ഉള്ളതുമാണ്. അയതു പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും 2019-20 വർഷങ്ങളിലെ വസ്തുനികുതി പിരിച്ചെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | ഓപ്പറേറ്റർ / ഉടമ /ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $M^2$) | വസ്തുനികുതി അടവാക്കേണ്ട കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | റിലയൻസ് കമ്യൂണിക്കേഷൻ ലിമിറ്റഡ്, കൊച്ചി | IV/246 C | 40.42 M2 | 2019 രണ്ടാം അർദ്ധ വർഷം | 8,488/- |
| 2 | എ.ടി.സി. ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 16/119 | 18 M2 | 2019 ഒന്നാം അർദ്ധ വർഷം | 3,308/- |
| 3 | എസ്.ആർ. ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 18/343 | 12 M2 | 2019 രണ്ടാം അർദ്ധ വർഷം | 3,465/- |

മേൽ പരാമർശിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 31/ 14.02.2022)

## 1-16 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.

2019-20 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണുകയുണ്ടായി (2019-20 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2019-20 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്) 483/17/ ധന/ 06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | ത്രേസ്യാമ്മ ആന്റണി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 703163 989429 | 112110 200474 | 15.07.2020 | 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ | 1,500 X 8 12,000 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 2 | കെ.സുകുമാരൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 722957 502563 | 112110 200253 | 21.07.2020 | 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ | 1,500 X 8 12,000 |
| | | | | | 2021 ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9 14,400 |
| 3 | ജോസഫ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 241868 303386 | 112110 202237 | 21.06.2020 | ജൂലൈ -2020 | 1,300 |
| | | | | | ആഗസ്റ്റ് -2020 | 1,300 |
| | | | | | 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 4 | ത്രേസ്യാമ്മ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 728920 714078 | 112110 201348 | 25.06.2020 | 2020 ജൂലൈ മുതൽ 2021 മാർച്ച് വരെ | 1,500 X 9 13,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 5 | പൊന്നമ്മ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 786985 059771 | 112110 202291 | 13.06.2020 | ജൂലൈ -2020 ആഗസ്റ്റ് -2020 | 1,300 X 2 2,600 |
| | | | | | സെപ്റ്റംബർ -2020 ഒക്ടോബർ -2020 | 1,400 X 2 2,800 |
| 6 | ഗോപാലൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 949761 987726 | 112110 200993 | 17.04.2020 | 2020 മെയ് മുതൽ 2021 മാർച്ച് വരെ | 1,500 X 11 16,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 7 | ഏലിക്കുട്ടി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 531207 544086 | 112110 200861 | 12.02.2020 | 2020 മാർച്ച് മുതൽ 2021 മാർച്ച് വരെ | 1,500 X 13 19,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 8 | ജോസഫ് കെ.പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 428833 050475 | 112110 200567 | 25.02.2020 | മാർച്ച് -2020 ഏപ്രിൽ -2020 | 1,500 X 2 3,000 |

| | | | | | | |
|---|---|---|---|---|---|---|
| 9 | അബൂബക്കർ പി.പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 932848 303558 | 112110 201340 | 28.01.2020 | 2020 ഫെബ്രുവരി മുതൽ 2020 ഏപ്രിൽ വരെ | 1,220 X 3<br>3,660 |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | സെപ്റ്റംബർ-2020 | 1,400 |
| | | | | | 2020 ഒക്ടോബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 3<br>4,200 |
| | | | | | ജനവരി -2021, ഫെബ്രുവരി-2021 | 1,500 X 2<br>3,000 |
| 10 | കല്യാണി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 711524 398738 | 112110 201953 | 11.12.2019 | 2020 ജനവരി മുതൽ 2021 ഡിസംബർ വരെ | 600 X 24<br>14,400 |
| 11 | കത്രീന (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 774186 503547 | 1121102 01945 | 18.11.2018 | ഡിസംബർ-2018 | 1,500 |
| | | | | | 2019 ജനവരി മുതൽ 2019ഏപ്രിൽ വരെ | 1,500 X 4<br>6,000 |
| 12 | കെ.കെ.സഹദേവൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 818648 033001 | 112110 200393 | 10.02.2019 | മാർച്ച് -2019, ഏപ്രിൽ -2019 | 1,120 X 2<br>2,240 |
| 13 | മേരിക്കുട്ടി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 718547 252218 | 112110 200492 | 01.01.2019 | 2019 ഫെബ്രുവരി മുതൽ 2019 ഏപ്രിൽ വരെ | 1,120 X 3<br>3,360 |
| ആകെ | | | | | | 2,25,960 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.06/10.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 2,25,960/- രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-17 ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2019-2020 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 0004/20 | നെൽകൃഷിക്ക് കൂലി ചെലവ് | 19,720 |
| 2. | 0006/20 | തെങ്ങ് കൃഷി പരിപാലനം | 11,08,487 |
| 3. | 0007/20 | പച്ചക്കറി വികസനം വനിത | 83,808 |
| 4. | 0049/20 | കവുങ്ങ് കൃഷി പരിപാലനം | 8,00,000 |
| 5. | 0132/20 | വാഴ,കിഴങ്ങ് വർഗ്ഗം & പച്ചക്കറി കൃഷിക്ക് ജൈവവളം സബ്സിഡി | 52,000 |
| 6 | 0003/20 | തേനീച്ച വളർത്തലും പരിശീലനവും | 80,640 |

1) ആകെ വകയിരുത്തിയ 9874486/-രൂപയിൽ 21,44,655/-രൂപ ചെലഴിച്ചിട്ടുണ്ട്. അതായത് 76.69 ശതമാനം തുക ചെലഴിച്ചു.

2) നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഭാഗമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിത കേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങളും ഹരിത മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയം പര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .
4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .
5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക
6. ജല സ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ട് സംയോജിത കൃഷിരീതി.
8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കര നെൽകൃഷി പ്രോത്സാഹിപ്പിക്കുക.
9. വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക.
10. നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, ചക്ക എന്നിവ പോലുള്ളവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2019-20 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിത മിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ

കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല.സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന നെൽ കൃഷിക്ക് കൂലിചെലവ്, തെങ്ങ് കൃഷി പരിപാലനം, കവുങ്ങ് കൃഷി പരിപാലനം, പച്ചക്കറി വികസനം, വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.02 തീയ്യതി. 08.02.2022)

1-18 ഡീസൽ ചാർജ്ജ് അനുവദിക്കുന്നത്-ലോഗ് ബുക്ക് പരിശോധന നടത്തുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാഹനമായ KL-60-H-9090 സ്കോർപിയോ ജീപ്പിന് ഡീസൽ അടിച്ച ഇനത്തിൽ ചാർജ്ജ് അനുവദിക്കുന്നതിനായി വിവിധ വൗച്ചറുകൾ പ്രകാരം ആകെ 1,32,819/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുന്നുംകൈ പെട്രോളിയം, കുന്നുംകൈ എന്ന സ്ഥാപനത്തിൽ നിന്നാണ് ഇന്റന്റ് പ്രകാരം ഡീസൽ അടിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | സ്ഥാപനം /<br>ചെക്ക് നം. /തിയ്യതി |
|---|---|---|---|
| 1 | 21900090/6.5.19 | 11,066/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1685/ 6.5.219 |
| 2 | 21900108/16.5.19 | 10,085/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1692/ 16.5.219 |
| 3 | 21900172/19.6.19 | 11,997/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1707/ 19.6.219 |
| 4 | 21900259/16.7.19 | 9,081/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1727/ 16.7.219 |
| 5 | 21900388/29.8.19 | 12,334/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1968/ 29.8.219 |
| 6 | 21900470/1.10.19 | 14,585/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1991/ 1.10.219 |
| 7 | 21900544/24.10.19 | 7,826/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1015/ 24.10.219 |
| 8 | 21900620/15.11.19 | 7,836/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1091/ 15.11.219 |
| 9 | 21900702/17.12.19 | 11,428/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.1131/ 17.12.219 |
| 10 | 21900779/21.1.20 | 12,389/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.359/ 21.1.20 |
| 11 | 21900883/17.2.20 | 11,988/- | കുന്നുംകൈ പെട്രോളിയം,<br>ചെക്ക് നം.3673/ 17.2.20 |
| 12 | 21901108/31.3.20 | 12,204/- | കുന്നുംകൈ പെട്രോളിയം, |

| | | | |
|---|---|---|---|
| | | | ചെക്ക് നം.506/ 31.3.20 |
| | ആകെ | 1,32,819/- | |

ഈ തുക ചെലവഴിച്ചതിന്റെ ഡീസൽ നിറച്ച ബില്ലുകൾ ലോഗ് ബുക്ക് എന്നിവ പരിശോധന നടത്തിയപ്പോൾ ഡീസൽ നിറക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ / സാന്നിദ്ധ്യത്തിൽ ഉണ്ടായിരുന്ന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. അതുപോലെ ചില വൗച്ചറുകൾ പ്രകാരം ഡീസൽ നിറച്ചത് മുഴുവൻ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

1.ക്രമ നം.(2) പ്രകാരം തുക നൽകിയതിൽ 11.4.2019 ന് 48 ലിറ്റർ ഡീസൽ നിറച്ചത് ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

2.ക്രമ നം.(3) പ്രകാരം തുക നൽകിയതിൽ 31.5.2019 ന് 39 ലിറ്റർ ഡീസൽ നിറച്ചത് ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

3.ക്രമ നം.(5) പ്രകാരം തുക നൽകിയതിൽ 11.7.2019 ന് നിറച്ച 48 ലിറ്റർ, 22.7.2019 ലെ 42 ലിറ്റർ, 29.7.2019 ലെ 48 ലിറ്റർ എന്നിവ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

4.ക്രമ നം.(6) പ്രകാരം തുക നൽകിയതിൽ 6.8.2019 ലെ 40ലിറ്റർ, 10.8.2019 ലെ 39 ലിറ്റർ. 14.8.2019 ലെ 42 ലിറ്റർ, 21.8.2019 ലെ 45 ലിറ്റർ എന്നിവ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

ഡീസൽ നിറച്ച ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക നൽകുന്നതിന് മുമ്പ് വിശദവിവരങ്ങൾ ലോഗ് ബുക്കിൽ എൻട്രി ചെയ്ത് സാക്ഷ്യപ്പെടുത്തിയതിന് ശേഷം മാത്രമെ ബിൽ തുക അനുവദിക്കാൻ പാടുള്ളൂ. അത്പോലെ ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടത് വാഹനത്തിന്റെ ഡ്രൈവറുടെ ഉത്തരവാദിത്തമാണ്. ഇക്കാര്യങ്ങൾ സെക്രട്ടറിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.24/ 11.02.2022)

1-19 മുൻകൂർ യാത്രാബത്ത അനുവദിച്ചത് - ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.21900044/ 9.4.2019 - തുക 1500/-രൂപ

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി ശ്രീ.മുരുഗേഷ് എന്നവർക്ക് മുൻകൂർ യാത്രാബത്തയായി ആകെ 1500/- രൂപ മേൽ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പാർട്ട് -ടൈം ലൈബ്രേറിയൻ തസ്തികയിലെ നിയമനം സംബന്ധിച്ച രേഖകൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഫയലുമായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് പോകാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. പക്ഷെ നാളിതു വരെയായി ടി തുക ക്രമീകരിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ പ്രകാരം തുക 2020-21 ൽ ബാലൻസായി ഉണ്ട്. സർക്കാർ ഉത്തരവ് (അച്ചടി) നം.419/11/ഫിൻ/ തിയ്യതി 4.10.2011/ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്, ആർട്ടിക്കിൾ -99, കെ.എഫ്.സി-വാല്യം-1 പ്രകാരം ക്രമവൽക്കരണത്തിന് സമയം മൂന്നു മാസമാണ്. ഈ കാലയളവിൽ ക്രമവൽക്കരണം നടത്തിയില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. തുക എത്രയും പെട്ടെന്ന് ക്രമീകരിച്ച് ഓഡിറ്റിനെ വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.15/10.02.2022.)

1-20 സേവനപുസ്തകം പരിശോധന – അപാകതകൾ

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നിലവിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധന നടത്തിയിരുന്നു. സേവനപുസ്തകങ്ങൾ സൂക്ഷിക്കുന്നതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ജോജോ അലക്സ് - സീനിയർ ക്ലാർക്ക്

ഡി.ഡി.പി കാസറഗോഡിന്റെ ഉത്തരവ് നം. DDP/KSD/2409/ 2020/ SC-5/ തിയ്യതി -30.10.2021

പ്രകാരം ടിയാന് പനത്തടി ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ട്. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 8.11.2021 ന് ജോലിയിൽ പ്രവേശിക്കുകയ്യെ ചെയ്തിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ച വിവരം സേവനപുസ്തകത്തിന്റെ ബോഡിയിൽ ചേർത്തിട്ടുണ്ട്, പക്ഷെ ശമ്പളം, മറ്റ് അലവൻസുകൾ എന്നീ വിവരങ്ങൾ സേവനപുസ്തകത്തിന്റെ ഇടത് ഭാഗത്ത് ചേർത്ത് സാക്ഷ്യപ്പെടുത്താതെയാണ് നിലവിൽ വെസ്റ്റ്

എളേരി ഗ്രാമ പഞ്ചായത്തിൽ നിന്നും ശമ്പളം നൽകിവരുന്നത്.

2.ശ്രീജ.കെ - സീനിയർ ക്ലാർക്ക്

ടിയാരി ഡി.ഡി.പി കാസറഗോഡിന്റെ ഉത്തരവ് നം.DDP/KSD/ 2409/2020/SC-5/ തിയ്യതി-30.10.2021 പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ 19.11.2021 ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ച വിവരം സേവനപുസ്തകത്തിന്റെ ബോഡിയിൽ ചേർത്തിട്ടുണ്ട്, പക്ഷെ ശമ്പളം, മറ്റ് അലവൻസുകൾ എന്നീ വിവരങ്ങൾ സേവനപുസ്തകത്തിന്റെ ഇടത് ഭാഗത്ത് ചേർത്ത് സാക്ഷ്യപ്പെടുത്താതെയാണ് നിലവിൽ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ നിന്നും ശമ്പളം നൽകിവരുന്നത്.

3.ബിജു പോൾ - ക്ലാർക്ക്

ടിയാൻ ഡി.ഡി.പി കാസറഗോഡിന്റെ ഉത്തരവ് നം.DDP/KSD/2409/2020/SC-5/തിയ്യതി-16.7.2021 പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 6.8.2021 ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ച വിവരം, ശമ്പളം, മറ്റ് അലവൻസുകൾ എന്നീ വിവരങ്ങൾ സേവനപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്താതെയാണ് നിലവിൽ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ നിന്നും ശമ്പളം നൽകിവരുന്നത്. സേവനപുസ്തകം പേജ് -38 ൽ പനത്തടി ഗ്രാമ പഞ്ചായത്തിൽ നിന്നും 2019 ലെ പേ - റിവിഷൻ സംബന്ധമായി പുതുക്കിയ പേ സംബന്ധമായ വിവരങ്ങൾ കൃത്യമായി ചേർത്തിട്ടില്ല. കൂടാതെ 30.7.2021 ന് വിടുതൽ വിവരങ്ങൾ ചേർത്തതിലും അപാകതയുണ്ട്.

4.അബ്ദുൾ റഹ്മാൻ - ഡ്രൈവർ-ഗ്രേഡ്-1

ഗ്രാമ പഞ്ചായത്തിലെ ഡ്രൈവർ ഗ്രേഡ് -1 ആയ ടിയാന്റെ ഇൻക്രിമെന്റ് ജനവരി മാസത്തിലാണ്. 2022 ജനവരി മാസത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ശമ്പള ബിൽ പരിശോധന നടത്തിയപ്പോൾ ടിയാന്റെ പേ ഇൻക്രിമെന്റ് അനുവദിച്ചത് പ്രകാരം 29500/- രൂപയിൽ നിന്നും 30300/-രൂപയായി ഉയർത്തിയിട്ടുണ്ട്. സേവനപുസ്തകം പരിശോധന നടത്തിയപ്പോൾ 1.1.2022 ൽ പേ 29500/- രൂപയിൽ നിന്നും 30300/-രൂപയായി ഉയർത്തിയത് ചേർത്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-21 തെരുവ് വിളക്ക് -LED ബൾബ് യൂണിറ്റ് വാങ്ങൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0151/20

അടങ്കൽ - 1,42,976/- രൂപ – ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് - 1,40,220/-രൂപ

ബിൽ നം.04/2019-20/4.6.2019 – തുക 1,40,220/-രൂപ

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കുകളിലേക്ക് എൽ.ഇ.ഡി. ബൾബ് യൂണിറ്റ് വാങ്ങുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ട്രഷറി ബിൽ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടായിരുന്നത്. മറ്റ് അനുബന്ധരേഖകളോ, ഫയലോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.18/10.02.2022 പ്രകാരം പദ്ധതി സംബന്ധിച്ച മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 11.2.2022 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയോടൊപ്പം KREWS കാസറഗോഡ് സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ്, 1,40,220/- രൂപയുടെ ഇൻവോയ്സ്, പ്രൊജക്ട് എന്നിവ സമർപ്പിച്ചിട്ടുണ്ട്.

KREWS കാസറഗോഡ് സമർപ്പിച്ച ഇൻവോയ്സ് നം.KREWS/156/ 18-19/ തിയ്യതി- 25.2.2019 പ്രകാരം 60 എണ്ണം 12 വാട്ട് എൽ.ഇ.ഡി. ലൂമിനറി ഓട്ടോമാറ്റിക് തെരുവ് വിളക്ക് വിതരണം ചെയ്തിട്ടുണ്ട്. ആകെ 1,40,220/-രൂപയാണ് ഇൻവോയ്സ് തുക. ബിൽ നം.04/ 2019-20/ 4.6.2019 പ്രകാരം 1,40,220/-രൂപ KREWS ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം. 67256868977/ എസ്.ബി.ഐ).

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.KREWS സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് നം.200/17.1.2019 ന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.തെരുവ് വിളക്കുകൾ 60 എണ്ണം സ്ഥാപിച്ചതിന് ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കമാണ് തുക നൽകിയത്. ഇവ സ്ഥാപിച്ചതിന് ശേഷമാണോ തുക നൽകിയത് എന്ന് വിശദീകരിക്കേണ്ടതാണ്. ഇവ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ വിശദവിവരങ്ങൾ വൈദ്യുതി പോസ്റ്റ് നമ്പർ സഹിതമുള്ളത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. 60 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മേൽനോട്ടം വഹിച്ചിരുന്നോ എന്ന് വ്യക്തമല്ല.

മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,40,220/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-22 പറമ്പ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0209/20

അടങ്കൽ - 38,692/- രൂപ – തനത് ഫണ്ട്

ചെലവ് - 38,692/- രൂപ

വൗച്ചർ നം.21900618/15.11.2019 –തുക 38,692/-രൂപ

ഗ്രാമ പഞ്ചായത്തിലെ പറമ്പ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭീമനടി സെക്ഷൻ ഈ പദ്ധതിക്കായി 39,018/-രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് (നമ്പർ, തിയ്യതി ഇല്ല). ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം നം.എ.ഒ-315/2018(1)/ തിയ്യതി-15.11.2019 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വൗച്ചർ നം.21900618/15.11.2019 പ്രകാരം 38,692/-രൂപ വൈദ്യുതി ബോർഡ്, ഭീമനടി സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (അക്കൗണ്ട് നം.178020100002/കാനറാ ബാങ്ക്).

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭീമനടി സെക്ഷൻ ഈ പദ്ധതിക്കായി 39,018/- രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകിയതിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. വൈദ്യുതി ബോർഡ്, ഭീമനടി സെക്ഷൻ ഈ പദ്ധതിക്കായി 39,018/-രൂപയുടെ ഡിമാന്റ് നോട്ടീസാണ് നൽകിയത്, തുക നിക്ഷേപിച്ചത് 38,692/-രൂപയാണ്, 326/- രൂപയുടെ കുറവ് ഉണ്ട്. ഈ തുക പിന്നീട്

നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

3.പദ്ധതി പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.19/10.02.2022 പ്രകാരം ഈ അപാകതകൾക്ക് ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 38,692/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-23 വിവിധ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണിച്ചർ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0147/20

അടങ്കൽ - 2,50,000/- രൂപ – ടി.എസ്.പി

ചെലവ് - 2,43,620/-രൂപ

1.ബിൽ നം.01/2019-20/17.5.2019 – 1,99,200/-രൂപ

2.ബിൽ നം.02/2019-20/17.5.2019 – 44,420/-രൂപ

ഗ്രാമ പഞ്ചായത്തിലെ പട്ടിക വർഗ്ഗ മേഖലയിലെ വിവിധ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും 23.1.2019 തിയ്യതിയിൽ ഫിഡ്കോ ഏന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട് സമർപ്പിച്ച ടെണ്ടർ താഴെപ്പറയും പ്രകാരം അംഗീകരിക്കുകയും ചെയ്തു. ഭരണസമിതി തീരുമാനം നം.24(1)/തിയ്യതി-28.2.2019.

1.ഫൈബർ ചെയർ -ആംലെസ്സ് - 498/-രൂപ (നീൽകമൽ)

2.സ്റ്റീൽ ടേബിൾ - 4,442/-രൂപ

4.3.2019 ലെ കത്ത് നം.എസ്.സി-2-1051/19 പ്രകാരം ഫിഡ്കോ ഏന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോടിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം.581/22.3.2019 പ്രകാരം 400 ഫൈബർ ചെയറുകളും, ഇൻവോയ്സ് നം.692/27.3.2019 പ്രകാരം 10 സ്റ്റീൽ ടേബിളുകളും സ്ഥാപനം സപ്ലൈ ചെയ്തു. മേൽ സൂചിപ്പിച്ച 2 ബില്ലുകൾ പ്രകാരം ആകെ 2,43,620/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.67190788276/എസ്.ബി.ഐ). ആകെ 400 ചെയറുകളും, 10 ടേബിളുകളും വാങ്ങിയതിൽ വിതരണം ചെയ്ത രേഖകൾ പരിശോധിച്ചപ്പോൾ ഇതിൽ 85 ചെയറുകളും 3 ടേബിളുകളും താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

1.ജീരകപ്പാറ കമ്മ്യൂണിറ്റി ഹാൾ - 40 ചെയർ, 1 ടേബിൾ

2.കോട്ടമല കമ്മ്യൂണിറ്റി ഹാൾ - 25 ചെയർ, 1 ടേബിൾ

3.ചെന്നടുക്കം കമ്മ്യൂണിറ്റി ഹാൾ - 20 ചെയർ, 1 ടേബിൾ

ബാക്കി 315 ചെയറുകളും 7 ടേബിളുകളും വിതരണം ചെയ്തതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇവ വിതരണം ചെയ്തിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.10/10.02.2022 പ്രകാരം അന്വേഷിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ വിതരണം ചെയ്യാത്ത 315 ചെയറുകളുടെ വില 1,56,870/- രൂപയും, 7 ടേബിളുകളുടെ വില 31,094/- രൂപയും ചേർത്ത് ആകെ 1,87,964/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിതരണം ചെയ്ത വിശദവിവരങ്ങൾ ഹാജരാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

1-24 ഗ്രാമ പഞ്ചായത്തിന് സമീപം അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കിയത് -ലേലം ചെയ്തിട്ടില്ല

വൗച്ചർ നം.21900127/30.5.2019 - തുക 2104/-രൂപ

ചെക്ക് നം.3633/30.5.2019

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപം അപകടാവസ്ഥയിലായ മരം മുറിച്ച് നീക്കുന്നതിന് വൗച്ചർ നം.21900127/ 30.5.2019 പ്രകാരം 2104/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.തോമസ്.കെ.ജെ, മാങ്ങോട് എന്നയാളാണ് പ്രവൃത്തി നടത്തിയത്. 24.5.2019 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും മസ്റ്റർ പ്രകാരം 2104/- രൂപ അനുവദിക്കണമെന്നും ടിയാൻ അപേക്ഷ നൽകിയത് പ്രകാരമാണ് തുക നൽകിയത്. ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് മുറിച്ച മരങ്ങളുടെ വാല്യുവേഷൻ കണക്കാക്കിയിട്ടുണ്ടോ എന്നും ലേലം ചെയ്തിട്ടുണ്ടോ എന്നും ഫയൽ പരിശോധിച്ചപ്പോൾ വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നം.16/10.02.2022 പ്രകാരം വാല്യുവേഷൻ, ലേലം എന്നിവ സംബന്ധമായ വിശദവിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ് അതുവരെ ചെലവ് തുക 2104/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-25 മഹാത്മാ ഗാന്ധി പ്രതിമക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി തുക നൽകിയത്

വൗച്ചർ നം.21900666/ 3.12.2019 – 1,00,000/- രൂപ

ചെക്ക് നം.442293/ 3.12.2019

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് കളക്ടറേറ്റിൽ ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.1414/ 2019/ തസ്വഭവ/തിയ്യതി - 8.7.2019 പ്രകാരം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 1,00,000/- രൂപ വീതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ് കത്ത് നം.ഡി.ഡി.പി/ കെ.എസ്.ഡി/ 2077/ 2019 -എസ്.സി9/ തിയ്യതി-30.7.2019 പ്രകാരം സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ബഹു.ജില്ലാകളക്ടറുടെ പേരിൽ എസ്.ബി.ഐ. കളക്ടറേറ്റ് ശാഖയിലുള്ള അക്കൗണ്ട് നം.67201181832 ലേക്ക് കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം. 21900666/ 3.12.2019 പ്രകാരം 1,00,000/- രൂപ പ്രസ്തുത അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.17/10.02.2022 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-26 ഓഫീസ് ആവശ്യത്തിന് സ്റ്റേഷനറി വാങ്ങുന്നതിന് തുക ചെലവഴിച്ചത്

വൗച്ചർ നം.21900222/ 1.7.2019 – 2,68,497/- രൂപ

ചെക്ക് നം.261152/ തിയ്യതി -1.7.2019

ഓഫീസ് ആവശ്യത്തിന് സ്റ്റേഷനറി വാങ്ങുന്നതിന് വൗച്ചർ നം.21900222/ 1.7.2019 പ്രകാരം ആകെ 2,68,497/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഇന്റന്റ് പ്രകാരമാണ് സ്റ്റേഷനറി വാങ്ങിയത്. നടപടിക്രമം നം.എ.ഒ-315/2018 (1) /തിയ്യതി -2.7.2019 പ്രകാരം തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി കൈമാറുന്നതിന് അനുമതി നൽകുകയും ചെയ്തു. 2,68,497/-രൂപ (അക്കൗണ്ട് നം.57005416999/എസ്.ബി.ഐ) കൈമാറി. 95 ഇനങ്ങൾ അടങ്ങിയ സ്റ്റേഷനറി സാധനങ്ങളുടെ വിശദമായ ഇന്റന്റ് സമർപ്പിക്കുകയും ചെയ്തു. ഇൻവോയ്സ് നം. PGT/ GSTINV/ 633/ 2019-20/ തിയ്യതി-5.7.2019 പ്രകാരം 2,602/- രൂപയുടെ സ്റ്റേഷനറിയും, ഇൻവോയ്സ് നം. PGT/ GSTINV/ 774/ 2019-20/ തിയ്യതി -19.7.2019 പ്രകാരം 95,428/- രൂപയുടെ സ്റ്റേഷനറിയും ചേർത്ത് ആകെ 98,030/-രൂപയുടെ ഇൻവോയ്സുകളാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

ബാക്കി 1,70,467/- രൂപയുടെ സ്റ്റേഷനറി സാധനങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടുണ്ടോ എന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റേഷനറി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/10.02.2022 പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ബാക്കി സ്റ്റേഷനറി സാധനങ്ങൾ ലഭിക്കുന്നതുവരെ 1,70,467/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-27 ജി.എസ്.ടി. കോമ്പൻസേഷൻ- നടപടിക്രമങ്ങൾ പാലിച്ചില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | ചുരാംകുണ്ട് മൂവാരിത്തട്ട് റോഡ് ടാറിംഗ് (പ്രോജക്ട് നം-S0024/20) | 32085 |
| 2 | പെരുമ്പട്ട താഴത്തിടം കണ്ണന്തോടി കാക്കടവ്- റോഡ് ടാറിംഗ് (പ്രോജക്ട് നം-S0054/20) | 46341 |
| 3 | കടുമേനി അംഗൻവാടി മെയ്ന്റനൻസ് (പ്രോജക്ട് നം-S0186/20) | 7094 |
| 4 | കോടങ്കല്ല് കുറത്തിപ്ലാവ് SNDP റോഡ് ടാറിംഗ് & റീടാറിംഗ് (പ്രോജക്ട് നം-S0060/20) | 42678 |
| 5 | ചെന്നടുക്കം ജീരകപ്പാററോഡ് ഇംപ്രൂവ്മെന്റ് (പ്രോജക്ട് നം -0055/20) | 16029 |
| 6 | അട്ടക്കളമ്പാടി പട്ടമൂല റോഡ് ടാറിംഗ് (പ്രോജക്ട് നം-S0040/20) | 42717 |
| 7 | ആയുർവേദ ഹോസ്പിറ്റൽ ഫിനിഷിംഗ് വർക്ക് (പ്രോജക്ട് നം -S0013/20) | 26588 |
| 8 | കാലിക്കടവ് കുറുംചേരി റോഡ് റീടാറിംഗ് (പ്രോജക്ട് നം-S0195/20) | 39600 |
| 9 | ചീർക്കയം കളത്തുകാട് -കാവുന്തല കോട്ടമല റോഡ് റീടാറിംഗ് (പ്രോജക്ട് നം -S0030/20) | 32015 |
| 10 | ചട്ടമല- ചിറ്റാരിക്കാൽ പള്ളി റോഡ് റീടാറിംഗ് (പ്രോജക്ട് നം- S0034/20) | 31919 |

### 1-28 മേൽക്കൂര മാറ്റൽ പദ്ധതി -മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2019-20 വർഷം നടപ്പാക്കിയ വീടിന്റെ മേൽക്കൂര മാറ്റൽ പദ്ധതി പ്രകാരം (പ്രൊ.നം.0137/20) ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് ആദ്യഗഡു ഇനത്തിൽ 25,000/- രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ട്രഷറി ബിൽ നം. |
|---|---|---|---|
| 1 | കെ.എൻ ബാലകൃഷ്ണൻ കാട്ടുപറമ്പിൽ | 25,000/- | 3/14.11.2019 |
| 2 | ലിസ്സി ജോസഫ് കുന്നത്ത് | 25,000/- | 2/14.11.2019 |
| 3 | മാണിയമ്മ പി. പയങ്ങപ്പാടൻ | 25000/- | 21/12.3.2020 |

മേൽ ഗുണഭോക്താക്കൾ പദ്ധതിപ്രകാരം വീടിന്റെ മേൽക്കൂര മാറ്റൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ 11.02.2022 തിയതിയിലെ ലെ ഓഡിറ്റ് എൻക്വയറി നം.26 പ്രകാരം , ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് 11.02.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ ചേർത്ത പ്രകാരം മറുപടി നൽകുകയുണ്ടായി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി പ്രകാരം നിലവിലെ അവസ്ഥ |
|---|---|---|
| 1 | കെ.എൻ ബാലകൃഷ്ണൻ കാട്ടുപറമ്പിൽ | പഴയ മരം ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയതാണ്. വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | ലിസ്സി ജോസഫ് കുന്നത്ത് | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പണം തിരിച്ചടയ്ക്കുന്നതിനോ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിക്കുന്നതാണ്. |
| 3 | മാണിയമ്മ പി. പയങ്ങപ്പാടൻ | ഗുണഭോക്താവ് 10.02.2022ന് മരണപ്പെട്ടു .പ്രവൃത്തി ചെയ്തിട്ടില്ല. |

ഈ വിഷയത്തിൽ ചുവടെ ചേർത്ത നടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1) ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവ് ചെയ്ത പ്രവൃത്തിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ക്രമ നമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവ് പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം മേൽക്കൂര മാറ്റൽ പദ്ധതിയ്ക്കായി മുൻകൂറായി നൽകിയ തുക ₹ 25,000/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

3) ക്രമ നമ്പർ 3 പ്രകാരമുള്ള ഗുണഭോക്താവ് 10.02.2022 ന് മരണപ്പെട്ടതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് . തുക കൈപ്പറ്റി 22 മാസങ്ങൾക്ക് ശേഷമാണ് ഗുണഭോക്താവ് മരണപ്പെട്ടത്. മുൻകൂർ തുക കൈപ്പറ്റിയിട്ടും പ്രവൃത്തി ചെയ്യാതിരിക്കുവാനുണ്ടായ സാഹചര്യം അന്വേഷിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പ്രകാരമുള്ള 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഇ – ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ക്രെഡിറ്റു ചെയ്യുന്നതിനായി എസ്.ബി.ഐ. ചിറ്റാരിക്കാൽ ശാഖയിൽ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് (നം.37226572504) ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ ഇനി മുതലുള്ള ബിഡ് സമർപ്പണ ഫീസ് തുക ക്രെഡിറ്റു ചെയ്യുമെന്നും ഇതുവരെയായി ഈയിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്ത തുക തിരികെ ലഭ്യമാക്കുന്നതിനായി കത്തുവഴി

ആവശ്യപ്പെട്ടിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള തുകയുടെ കൃത്യമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 മുഴുവൻ ചെലവ് വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

(1) പാലിയേറ്റീവ് കെയർ പദ്ധതിക്കായി പ്രൊജക്ട് നമ്പർ.S0092/20 പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്ന് 6,88,760/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച നിന്നും 94,764/- രൂപയും ചേർത്ത് ആകെ 7,83,524/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി താഴെപറയും പ്രകാരം 5,96,444/-രൂപയുടെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി. എന്നാൽ അവശേഷിക്കുന്ന 1,87,080/-രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | ലഭ്യമാക്കിയ ട്രഷറി ബിൽ പ്രകാരം ചെലവഴിച്ച തുക | ലഭ്യമാക്കാനുള്ള ട്രഷറിബിൽ പ്രകാരം ചെലവഴിച്ച തുകയുടെ വൗച്ചറുകൾ |
|---|---|---|---|
| 1 | 08/04.01.2020 | 37,600 | 1,87,080/-<br><br>(1)03/2019-20,തീയ്യതി.03.08.2019 Rs.1,11,880/-<br>(2)04/2019-20,തീയ്യതി.09.08.2019 Rs.37,800/-<br>(3)07/2019-20,തീയ്യതി.07.09.2019 Rs.37,400/-<br>ആകെ = 1,87,080/- |
| 2 | 09/04.01.2020 | 39,780 | |
| 3 | 10/04.01.2020 | 37,800 | |
| 4 | 17/22.02.2020 | 10,000 | |
| 5 | 18/22.02.2020 | 37,800 | |
| 6 | 22/25.02.2020 | 94,764 | |
| 7 | 23/25.02.2020 | 37,800 | |
| 8 | 25/07.03.2020 | 37,800 | |
| 9 | 26/07.03.2020 | 1,30,423 | |
| 10 | 30/30.03.2020 | 94,877 | |
| 11 | 31/30.03.2020 | 37,800 | |
| | ആകെ | 5,96,444 | |
| | | ബാക്കി | 1,87,080 |

പാലിയേറ്റീവ് കെയർ പദ്ധതിക്കായി ബാക്കി ലഭ്യമാക്കാനുള്ള 1,87,080/- രൂപയുടെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(2) നർക്കിലക്കാട്, മൗക്കോട് ആശുപത്രികളിൽ മാലിന്യ സംസ്കരണത്തിനായി പ്രൊജക്ട് നമ്പർ. S0111/20 പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്ന് 42,847/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 23,428/- രൂപയുടെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായി.

എന്നാൽ ബാക്കി 19,419/- രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക | ലഭ്യമാക്കാനുള്ള വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|
| 1 | 06/09.08.2019 | 3,328 | 19,419 |
| 2 | 29/30.03.2020 | 3,632 | |
| 3 | 15/14.02.2020 | 16,468 | |
| | ആകെ | 23,428 | |
| | | ബാക്കി | 19,419 |

മാലിന്യ സംസ്കരണം പദ്ധതിക്കായി ബാക്കി ലഭ്യമാക്കാനുള്ള 19,419/- രൂപയുടെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(3)പ്രൊജക്ട് നമ്പർ.S0191/20 – ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ പദ്ധതിക്കായി പ്രൊജക്ട് നമ്പർ.S0111/20 പ്രകാരം വികസന ഫണ്ട് (ജനറൽ) നിന്ന് 73,744/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി തുകകൾ ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറുകളും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.29/11.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 2,80,243/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-31 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018 – DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറു കാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട ജി.എസ്.ടി. | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മൗക്കോട് പി.എച്ച്.സി കമ്മാടം റോഡ് സോളിംഗ് | വി.ജെ. ജോസ് | 222042.75 | 704772/ 31.03.2020 | - | 2,220 |
| 2 | കൾവർട്ട് – മുള്ളിക്കാട് റോഡ് | പ്രിൻസ് കെ.വി | 295389.24 | 6958/ 07.04.2020 | 5,908 | 2,954 |
| ആകെ | | | | | 5,908 | 5,174 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/11.02.2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി., ആദായ നികുതി എന്നീയിനങ്ങളിൽ മേൽ പരാമർശിച്ച തുകകൾ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-32 പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വിവിധ പ്രൊജക്ടുകളിലായി 20,64,015/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി നം & പദ്ധതിയുടെ പേര്

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്, പ്രൊജക്ട് നം | ബിൽ നം, തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി പ്രൊജക്ട് നം.S004/20 | 01/2019-20 16.12.2019 | 19,720 | 4 |
| 2 | തെങ്ങ് കൃഷി പരിപാലനം പ്രൊജക്ട് നം.S006/20 | 03/2019-20 10.02.2020 | 4,80,170 | 102 |
| | | 05/2019-20 13.03.2020 | 3,21,570 | 127 |
| | | 11/2019-20 28.02.2020 | 24,600 | 4 |
| | | 11/2019-20 16.03.2020 | 5,025 | 1 |
| | | 512110820119020 | 2,77,122 | 234 |

| | | | | |
|---|---|---|---|---|
| | | (ബിൽ റിക്വസിഷൻ നം.) 18.03.2020 | | |
| 3 | പച്ചക്കറി കൃഷി വികസനം വനിത<br>പ്രൊജക്റ്റ് നം.S007/20 | 10/2019-20<br>16.03.2020 | 5,650 | 10 |
| | | 512110020119018<br>(ബിൽ റിക്വസിഷൻ നം)<br>18.03.2020 | 78,158 | 10 |
| 4 | കവുങ്ങ് കൃഷി പരിപാലനം<br>പ്രൊജക്റ്റ് നം.S049/20 | 02/2019-20<br>10.02.2020 | 3,55,000 | 55 |
| | | 04/2019-20<br>10.02.2020 | 2,45,000 | 28 |
| | | 512110020119017<br>(ബിൽ റിക്വസിഷൻ നം)<br>18.03.2020 | 2,00,000 | 83 |
| 5 | വാഴ,കിഴങ്ങ് വർഗ്ഗം & പച്ചക്കറി കൃഷിക്ക് ജൈവവളം സബ്സിഡി<br>പ്രൊജക്റ്റ് നം. S0132/20 | 512110020119019<br>(ബിൽ റിക്വസിഷൻ നം)<br>18.03.2020 | 52,000 | 116 |
| | | ആകെ | 20,64,015/- | |

<u>പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.</u>

കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ. (കൈ)നം.11/2018 / ത.സ്വ.ഭ.വ./.29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ജി.ഒ. (എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെക്ക് നം.068293/ 01.06.2019 – 1,80,000/- രൂപ

വൗച്ചർ നം.21900157/ 01.06.2019

മഴക്കാല പൂർവ്വ ശുചീകരണം -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013 ലെ 22963/ഡി.സി.1/2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ, ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശാവർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തണം. ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്ക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലേയും ജനങ്ങളേയും ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെയാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ പഞ്ചായത്തിൽ നടപ്പാക്കിയത്. 2019-20സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ 2019ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ, 2020 ജനുവരി മാസങ്ങളിൽ ഓടവൃത്തിയാക്കൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയ പത്രികകൾ, വേതനം നൽകിയവരുടെ പേര്, തുക അനുവദിച്ച് തരുന്നതിന് ജെ.എച്ച്.ഐ.മാർ, നൽകുന്ന അപേക്ഷകൾ എന്നിവ മാത്രമാണുള്ളത്. മഴക്കാലപൂർവ്വ ശുചീകരണം 2019 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകൾക്ക് മേൽ വൗച്ചർ പ്രകാരം ആകെ 1,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ 1,80,000/- രൂപയും ഗ്രാമ പഞ്ചായത്ത് ഫണ്ടാണ്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് വേണ്ടി ഫെഡറൽ ബാങ്ക് ഭീമനടിയുടെ അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്. എന്നാൽ ആകെ സമർപ്പിച്ച 5 വാർഡുകളിലെ മസ്റ്റർ റോൾ പ്രകാരം മഴക്കാല പൂർവ്വശുചീകരണം നടത്തിയത് 2019 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്, മഴക്കാല പൂർവ്വ ശുചീകരണത്തിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ

നടപ്പിലാക്കാതെ 2019 ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, നവംബർ, 2020 ജനവരി , ഫെബ്രുവരി, മാർച്ച്, മാസങ്ങളിൽ തുക ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തുക കൈപ്പറ്റിയ വാർഡ് കമ്മിറ്റി കൺവീനർമാർ | ശുചീകരണപ്രവൃത്തികൾ നടത്തിയ മാസം |
|---|---|---|---|
| 1 | 01/2019-20 | I | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 2 | 01/2019-20<br>02/2019-20<br>03/2019-20<br>04/2019-20<br>05/2019-20<br>11/2019-20<br>12/2019-20<br>13/2019-20 | II | 2019 ജൂലൈ 07,09<br>2019 ഓഗസ്റ്റ് 21<br>2019 നവംബർ 13 |
| 3 | വൗച്ചർ ഹാജരാക്കിയിട്ടില്ല | III | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 4 | 01/2019-20<br>02/2019-20<br>03/2019-20<br>04/2019-20<br>05/2019-20<br>06/2019-20<br>07/2019-20<br>08/2019-20<br>09/2019-20<br>10/2019-20 | IV | 2019 ജൂലൈ 07,<br>2019 സെപ്തംബർ 25<br>2020 ജനവരി 04 |
| 5 | വൗച്ചർ ഹാജരാക്കിയിട്ടില്ല | V | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 6 | വൗച്ചർ | VI | 10,000/-രൂപയുടെ ചെലവ് രേഖകൾ |

| | | | |
|---|---|---|---|
| | ഹാജരാക്കിയിട്ടില്ല | | പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 7 | 01/2019-20<br>02/2019-20 | VII | 2019 ജൂൺ 16,17,25 |
| 8 | വൗച്ചർ ഹാജരാക്കിയിട്ടില്ല | VIII | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 9 | വൗച്ചർ ഹാജരാക്കിയിട്ടില്ല | IX | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 10 | 13/2019-20<br>14/2019-20<br>39/2019-20<br>40/2019-20<br>41/2019-20 | X | 2019 ജൂലൈ 02<br>2019 ഓഗസ്റ്റ് 8<br>2020 ഫെബ്രുവരി 26,27<br>2020 മാർച്ച് 04<br>2020 മെയ് 04 |
| 11 | വൗച്ചർ ഹാജരാക്കിയിട്ടില്ല | XI | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 12 | 01/2019-20<br>02/2019-20<br>03/2019-20<br>04/2019-20<br>05/2019-20<br>06/2019-20 | XII | 2019 ഏപ്രിൽ 09,10,11<br>2019 ജൂൺ 18,19<br>2019 ജൂലൈ 04,<br>2019 ഓഗസ്റ്റ് 10 |
| 13 | 01/201-20 | XIII | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 14 | വൗച്ചർ ഹാജരാക്കിയിട്ടില്ല | XIV | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 15 | 01/2019-20 | XV | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 16 | 01/2019-20<br>02/2019-20<br>03/2019-20 | XV1 | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 17 | വൗച്ചർ ഹാജരാക്കിയിട്ടില്ല | XV11 | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 18 | 01/2019-20 | XV111 | 10,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

ഓഡിറ്റ് എൻക്വയറി നം.33/14.02.2022 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. മഴക്കാലങ്ങളിൽ പടർന്നു പിടിക്കുന്ന മാരക രോഗങ്ങൾ അനിവാര്യമായി നിയന്ത്രിതമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ അനുവദിക്കുന്ന തുക നിർദ്ദേശിച്ച രീതിയിൽ ചെലവഴിക്കാതെ വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 1, 3, 5, 6, 8, 9, 11, 13, 14, 15, 16, 17, 18 എന്നീ വാർഡുകളുടെ (13x10,000 = 1,30,000) ചെലവ് രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കാത്തതിനാലും, മഴക്കാല പൂർവ്വ ശുചീകരണം പ്രവർത്തനങ്ങൾ വേണ്ടി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ അപാകതൾ പരിഹരിക്കുന്നതുവരെ ചെലവ് തുക.1,30,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-34 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നർക്കിലക്കാട് പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങിയത് സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ / തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 9,25,296/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം | തുക,ബിൽ നം / ചെക്ക് നം /തീയതി | റിമാർക്സ് |
|---|---|---|
| S0092/20 പാലിയേറ്റീവ് കെയർ | 1) 1,30,423/-രൂപ (ബിൽ നം. 26/ 7.3.2020)<br>2) 94,877/-രൂപ (ബിൽ നം. 30/ 30.3.2020) | പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങലിന് 2,25,300/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| S0108/20 പിഎച്ച്സിയിലേക്ക് | 1)2,00,000/- രൂപ (ബിൽ നം. 19/ | 6,99,996/- രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് |

| | | |
|---|---|---|
| മരുന്ന് വാങ്ങൽ | 22.2-2020)<br>2)4,99,996/-രൂപ (ബിൽ നം. 11/ 31-01-2020) | കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ട്.എന്നാൽ സബ്സിഡി മാർഗ്ഗരേഖയിലെ (ഖ.7.5.4) നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാറിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതെ പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങിയതിന് നമ്പർ.30/14.02.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 07.02.2022 & 08.02.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,00,000 | പ്രൊ.0135/19-20 ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 9,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 43,58,000 | പ്രൊ.0143/19-20 ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 43,58,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,22,250 | പ്രൊ.00033/19-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 2,22,250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,09,077 | പ്രൊ.0104/19-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3,09,077 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,00,000 | പ്രൊ.0104/19-20 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 12,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,00,000 | പ്രൊ.0135/19-20 ലൈഫ് ഹൗസിംഗ് സ്കീം (ജനറൽ) | 12,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4,00,000 | പ്രൊ.0143/19-20 ലൈഫ് ഹൗസിംഗ് സ്കീം (പ.വ) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 94,764 | പ്രൊ.0092/19-20 പാലിയേറ്റീവ് കെയർ | 94,764 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,48,050 | പ്രൊ.0033/19-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 2,48,050 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 8,00,000 | പ്രൊ.0168/19-20 ഷീ ലോഞ്ച് | 0 | 8,00,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി | 4,68,80,170 | 32571950 + 14308220 | 29,37,059 | 0 | 4,39,43,111 |

| | | | | | | |
|---|---|---|---|---|---|---|
| | 18/05/2018, GO (MS) 100/18 തീ. 30/07/18, GO (MS) 110/18 തി.13/08/2018 | | (തൻവർഷം ലഭിച്ചത്) = ആകെ 4,68,80,170 | | | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സ) നം.565/10 തസ്വഭവ,തി. 27-02-2010 | ₹1,29,50,000 | ₹6,91,433/- | ₹6,91,433/- | 0 | 0 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 70,047/-രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തിയതി |
|---|---|---|---|---|
| 2017-18 | ഖ.3(6) | 50,000/- | റീന കുമാരി .പി , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 119010100954 തി.26.06.2019 |
| 2017-18 | ഖ.3(1) | 14,580/- | മോഹനൻ പി.വി ,അസി.എഞ്ചിനിയർ & കുഞ്ഞുമോൻ കെ.എം , അസി.എക്സി.എഞ്ചിനിയർ | 119010101184 തി.11.07.2019 |
| 2017-18 | ഖ.3(2) | 2,744/- | -ടി- | 119010101185 തി.11.07.2019 |
| 2017-18 | ഖ.3(3) | 2,723/- | -ടി- | 119010101186 തി.11.07.2019 |
| | | 70,047 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 Plan | 10 | 2005-06 | 2.94.1 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് ₹ 29,25,000 | വിനിയോഗസാക്ഷ്യ പത്രം സമർപ്പിച്ചിട്ടുണ്ട്. നിയമസഭ സമി തി പരിഗണനയിൽ |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 4.1.7 | നിഷ്ക്രിയാവസ്ഥയിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ | തടസ്സം തുടരുന്നു |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 5.7.7 | പറമ്പ ICDP സബ് സെന്റർ 8 വർഷമായി വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | തടസ്സം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,60,65,237 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,92,28,924 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,24,690/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 140220 | വിനോദ് കുമാർ.എം.പി., സെക്രട്ടറി |
| 1-22 | 38692 | വിനോദ് കുമാർ.എം.പി., സെക്രട്ടറി |
| 1-23 | 187964 | മുരുകേഷ്.കെ ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 2104 | വിനോദ് കുമാർ.എം.പി., സെക്രട്ടറി |
| 1-25 | 100000 | വിനോദ് കുമാർ.എം.പി., സെക്രട്ടറി |
| 1-26 | 170467 | വിനോദ് കുമാർ.എം.പി., സെക്രട്ടറി |
| 1-28 | 75,000 | അനീഷ്. ടി.വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-30 | 280243 | ഡോ.റിയോമാത്യു, മെഡിക്കൽ ഓഫീസർ (PHC) |
| 1-33 | 130000 | ഡോ.റിയോമാത്യു, മെഡിക്കൽ ഓഫീസർ (PHC) |
| ആകെ | 11,24,690 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റിയോമാത്യു, മെഡിക്കൽ ഓഫീസർ (PHC) | ലഭ്യമല്ല | ചാത്കോവായിൽ വീട്, വാഴപ്പള്ളി(പി.ഒ.), ചങ്ങനാശ്ശേരി-686 103 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(exp) | KSA.KSD.10/111/2016(3) തിയ്യതി.18.04.16 | 1 |

| | | |
|---|---|---|
| 1997-98 (P) | KSA.KSD.10/111/2016(4) തിയ്യതി.18.04.16 | 1 |
| 1997-98(f) | KSA.KSD.10/111/2016(5) തിയ്യതി.18.04.16 | 5 |
| 1998-99(p) | KSA.KSD.10/111/2016(6) തിയ്യതി.18.04.16 | 1 |
| 1998-99(f) | KSA.KSD.10/111/2016(7) തിയ്യതി.18.4.16 | 3 |
| 1999-00(p) | KSA.KSD.10/1234/2018 തി.07-06-2019 | 2 |
| 2000-01(p) | KSA.KSD.10/1234/2018(7) തി. 07-06-2019 | 1 |
| 2001-02(p) | KSA.KSD.10/1234/2018(8) തി.07-06-2019 | 3 |
| 2001-02(f) | KSA.KSD.10/1234/2018(9) തി.07-06-2019 | 5 |
| 2002-03 | KSA.KSD.10/1234/2018(10) തി.07-06-2019 | 4 |
| 2003-04 | KSA.KSD.10/1234/2018(11) തി.07-06-2019 | 5 |
| 2004-05 | KSA.KSD.10/1234/2018(12) തി.07-06-2019 | 4 |
| 2005-06 | KSA.KSD.10/1234/2018(13) തി.07-06-2019 | 6 |
| 2006-07 | KSA.KSD.10/1234/2018(14) തി.07-06-2019 | 11 |
| 2007-08 | KSA.KSD.10/111/2016(19) തി.18.04.16 | 18 |
| 2008-09 | KSA.KSD.10/111/2016(20) തിയ്യതി.18.04.16 | 11 |
| 2009-10 | KSA.KSD.10/111/2016(21) തിയ്യതി.18.04.16 | 19 |
| 2010-11& 2011-12 | KSA.KSD.10/382/2015 തിയ്യതി.20.11.15 | 27 |
| 2012-13 & 2013-14 | KSA.KSD.10/1094/2016 തിയ്യതി.16.03.17 | 17 |
| 2014-15 | KSA.KSD.10/727/2016 തിയ്യതി.02.03.17 | 8 |
| 2015-16 | KSA.KSD.10/70/2017 തിയ്യതി.13.01.17 | 16 |
| 2016-17 | KSA.KSD.10/681/2017 തിയ്യതി.23.06.17 | 15 |
| 2017-18 | KSA.KSD.10/174/2019 തിയ്യതി.22.02.19 | 18 |
| 2018-19 | KSA.KSD.10/1159/2019 തിയ്യതി.23.12.19 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| West Eleri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3904172.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 701367.00 |
| 140000000 | Fee & User Charges | I-4(b) | 3089824.00 |
| 150000000 | Sale & Hire Charges | I-5(b) | 223537.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137517219.00 |
| 171000000 | Interest Earned | I-8 | 276466.00 |
| 180000000 | Other Income | I-9 | 205.00 |
| | Total Income | | 145712790.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9056700.00 |
| 220000000 | Administrative Expenses | I-11(b) | 1850329.00 |
| 230000000 | Operations & Maintenance | I-12(b) | 2054129.00 |
| 240000000 | Interest & Finance Charges | I-13 | 2026.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8046157.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 91721386.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 90213.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 482471.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under | I-14(d) | 14203580.00 |

| | | | |
|---|---|---|---|
| | Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 6891474.00 |
| | Total Expenditure | | 134398465.00 |
| | Gross Surplus/ Deficit of income over Expenditure | | 11314325.00 |
| 280000000 | Prior Period Item | I-18 | 132087.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 11182238.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

West Eleri Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16540004.00 |
| Cash | Cash | RP-40(a) | 54641.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1059360.00 |
| 140000000 | Fees & User Charges | RP-4 | 2962388.00 |
| 150000000 | Sale & Hire Charges | RP-5 | 221537.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 59898370.00 |
| 171000000 | Interest Earned | RP-9 | 276466.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22632681.00 |
| 340000000 | Deposits Received | RP-34 | 24163.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 307251.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 205.00 |
| 311000000 | Earmarked Funds | RP-29 | 4080.00 |
| 330000000 | Secured Loans | RP-32 | 14308220.00 |
| 340000000 | Deposits Received | RP-34 | 367983.00 |
| 350000000 | Other Liabilities | RP-36 | 614240.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3388293.00 |
| | Grand total | | 122659882.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3141043.00 |
| 220000000 | Administrative Expenses | RP-12 | 1850329.00 |
| 230000000 | Operations & Maintenance | RP-13 | 2013502.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7358237.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 44780488.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 90213.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 482471.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 806680.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 6891474.00 |
| 280000000 | Prior Period item | RP-26 | 117200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 277211.00 |
| 350000000 | Other Liabilities | RP-36 | 5184811.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2026.00 |
| 330000000 | Secured Loans | RP-32 | 731433.00 |
| 340000000 | Deposits Received | RP-34 | 200948.00 |
| 350000000 | Other Liabilities | RP-36 | 1670911.00 |
| 410000000 | Fixed Assets | RP-38 | 6667472.00 |
| 412000000 | Capital work in Progress | RP-40 | 3890122.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 11371161.00 |
| 460000000 | Loans, Advances and Deposits | RP-47 | 1701192.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23430958.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 122659882.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

| West Eleri Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31 March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 74567.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 21042.00 |
| 312000000 | Reserves | B-3 | 106807236.00 |
| | Total Reserve & Surplus | | 106902845.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6202949.00 |
| | Total Grants, Contributions for Specific Purposes | | 6202949.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 43943111.00 |
| | Total Loans | | 43943111.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 426206.00 |
| 350000000 | Other Liabilities | B-9 | 1577371.40 |
| | Total Current Liabilities and Provisions | | 2003577.40 |
| | TOTAL LIABILITIES | | 159052483.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 155486735.00 |
| 411000000 | Accumulated Depreciation | B-11 | -64792820.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 90693915.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 227862.00 |
| 440000000 | Pre-paid Expenses | B-16 | 43943111.00 |
| 450000000 | Cash and Bank Balance | B-17 | 23430958.00 |
| 460000000 | Loans, Advances and Deposits | B-18 | 756637.00 |
| | Total Current Assets, Loans and Advances | | 68358568.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 159052483.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്